"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ്- വിൽപന നികതി കുടിശ്ശിക ഈടാക്കുന്നതിനായി ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡാക്കിയ കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിൽ ബേപ്പൂർ വില്ലേജിൽ M/s മാനിറ്റോ ഇലക്ട്രോണിക്സിന്റെ പേരിലുണ്ടായിരുന്ന റീ സർവ്വേ 57/IAI ൽ പ്പെട്ട 35 സെന്റ് ഭൂമി കുടിശ്ശിക ആംനസ്റ്റി സ്കീം പ്രകാരം തീർപ്പാക്കിയ സാഹചര്യത്തിൽ തിരികെ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ(എച്ച്) വകുപ്പ്

സ.ഉ.(കൈ) നം.16/2026/RD തീയതി,തിരുവനന്തപുരം, 09-01-2026

പരാമർശം:-

1. 09/02/1968 ലെ സ.ഉ (എം എസ്) നം.88/68/റവ ഉത്തരവ്
2. കോഴിക്കോട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 22.06.2001 ലെ D-3155/2001(ii) നമ്പർ ഉത്തരവ്.
3. ശ്രീ. ബഷീർ മുഹമ്മദ്, M/s. മാനിറ്റോ ഇലക്ട്രോണിക്സ്, കോയപ്പകോവിലകത്ത് സമർപ്പിച്ച 28.02.2024ലെ അപേക്ഷ.
4. 30.07.2024ലെ കോഴിക്കോട് ജില്ലാ കളക്ടറുടെ DCKKD/11230/2017-C1 നമ്പർ കത്ത്.
5. 27.03.2025 ലെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഡെപ്യൂട്ടി കമ്മീഷണർ, അരിയർ റിക്കവറി, കോഴിക്കോട്-ന്റെ കെ.ഇ 20-619/25 നമ്പർ കത്ത്.

ഉത്തരവ്

വിൽപന നികതി കുടിശ്ശിക ഈടാക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ, കോഴിക്കോട് താലൂക്കിൽ ബേപ്പൂർ വില്ലേജിൽ M/s. മാനിറ്റോ ഇലക്ട്രോണിക്സിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന റീ സർവ്വേ നം. 57/IAI ൽപ്പെട്ട 35 സെന്റ് ഭൂമി ജപ്തി ചെയ്യുകയും 18.11.2000 ന് സർക്കാരിലേയ്ക്ക് ബോട്ട് ഇൻ ലാൻഡായി ഏറ്റെടുക്കുകയും, 22.06.2001 ന് കോഴിക്കോട് റവന്യൂ ഡിവിഷണൽ ഓഫീസർ പരാമർശം (2) പ്രകാരം ലേലം സ്ഥിരീകരിക്കുകയും ചെയ്തിരുന്നു. തുടർന്ന് നികതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം, അർത്ഥനധികാരി കുടിശ്ശിക ഒടുവാക്കുവാൻ അനുവദിച്ചതിനെ തുടർന്ന് M/s. മാനിറ്റോ ഇലക്ട്രോണിക്സ് മുഴുവൻ കുടിശ്ശികയും ഒടുക്കുകയും, ടി സ്ഥാപനത്തിന് കോഴിക്കോട് സ്റ്റേറ്റ് GST ഡിപ്പാർട്ട്മെന്റിൽ പ്രീ GST കുടിശ്ശികയൊന്നും ഇല്ലായെന്ന് സംസ്ഥാന ചരക്ക് സേവന നികതി വകുപ്പ് ഡെപ്യൂട്ടി കമ്മീഷണർ പരാമർശം (5) പ്രകാരം അറിയിക്കുകയും ചെയ്തിരുന്നു.

2) മാനിറ്റോ ഇലക്ട്രോണിക്സിന്റെ പേരിൽ യാതൊരു വിധ Tax Liability യും

നിലവിലില്ലാത്തതിനാൽ ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത സ്ഥലം തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് മാനേജിംഗ് ഡയറക്ടർ ശ്രീ. ബഷീർ മുഹമ്മദ് പരാമർശം(3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത ഭൂമി സർക്കാർ ഉടസ്ഥതയിൽ പുറമ്പോക്ക് ഭൂമിയായി സംരക്ഷിച്ച് വരികയാണെന്നും, ടി കേസിൽ റവന്യൂ വകുപ്പിനോട് ആലോചിക്കാതെയാണ് കുടിശ്ശിക തുക വാങ്ങിയതെന്നും "Commercial Tax Department will not be responsible to release the bought in land" എന്ന വ്യവസ്ഥയോടെയാണ് കുടിശ്ശിക തീർപ്പാക്കുന്നതിന് അനുമതി നൽകിയതെന്ന് 13.11.2009 ലെ കത്ത് പ്രകാരം അർത്ഥനാധികാരിയായ അസിസ്റ്റന്റ് കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ, കൊമേഴ്സ്യൽ ടാക്സസ് കോഴിക്കോട് അറിയിച്ചിരുന്നുവെന്നും പരാമർശം (4) പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചിരുന്നു.

3) M/s മാനിറ്റോ ഇലക്ട്രോണിക്സിന്റെ പേരിലുള്ള വിൽപന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കോഴിക്കോട് ജില്ലയിലെ ബേപ്പൂർ വില്ലേജിൽ റീ സർവ്വേ 57/IAI ൽപ്പെട്ട 35 സെന്റ് ഭൂമി 2001 - ലാണ് ലേലസ്ഥിരീകരണം ചെയ്തിട്ടുള്ളത്. പ്രസ്തുത കാലയളവിൽ ബോട്ട് ഇൻ ലാൻഡ് തിരികെ നൽകുന്നത് സംബന്ധിച്ച് പരാമർശം (1) ഉത്തരവാണ് നിലനിന്നിരുന്നത്. ഇത് പ്രകാരം ലേല സ്ഥിരീകരണം തിയതി മുതൽ 2 വർഷത്തിനുശേഷമുള്ള യാതൊരു അപേക്ഷയും പരിഗണിക്കുകയില്ല.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(1) ഉത്തരവിലെ രണ്ട് വർഷ കാലയളവിന് ശേഷമാണ് ബോട്ട് ഇൻ ലാൻഡ് തിരികെ നൽകുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എന്നതിനാൽ അപേക്ഷ പരിഗണിക്കാൻ വ്യവസ്ഥയില്ലെങ്കിലും, സർക്കാർ (നികുതി വകുപ്പ്) നിർദ്ദേശ പ്രകാരമാണ് ആംനസ്റ്റി സ്കീം പ്രകാരം കുടിശ്ശിക തീർപ്പാക്കിയതെന്ന സാഹചര്യത്തിലും, M/s മാനിറ്റോ ഇലക്ട്രോണിക്സ് ലിമിറ്റഡ് ബേപ്പൂർ എന്ന സ്ഥാപനത്തിന്, കോഴിക്കോട് സ്റ്റേറ്റ് ജി എസ് ടി ഡിപ്പാർട്ട്മെന്റിൽ പ്രീ ജി എസ് ടി കുടിശ്ശികയൊന്നും ഇല്ലായെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും, വിൽപന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി M/s മാനിറ്റോ ഇലക്ട്രോണിക്സിൽ നിന്നും ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡാക്കി 22.06.2001 ൽ ലേലം സ്ഥിരീകരിച്ച കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്ക് ബേപ്പൂർ വില്ലേജിൽ റീ സർവ്വെ നം.57/IAI ൽപ്പെട്ട 35 സെന്റ് ഭൂമി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, തിരികെ നൽകി ഉത്തരവാകുന്നു.

5) കോഴിക്കോട് ജില്ലാ കളക്ടർ രേഖകളുടെ ആധികാരികത ഉറപ്പ് വരുത്തി മേൽ പരാമർശിച്ച ഭൂമി തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

ശ്രീ. ബഷീർ മുഹമ്മദ്, M/s മാനിറ്റോ ഇലക്ട്രോണിക്സ്, കോയപ്പകോവിലകത്ത്, മലപ്പുറം.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം.
ജില്ലാ കളക്ടർ, കോഴിക്കോട്.
തഹസീൽദാർ,കോഴിക്കോട് .

പൊതുഭരണ(എസ് സി) വകുപ്പ്
നിയമ വകുപ്പ്(OPN-G2/132/2025-LAW dated 09.06.2025)
ധനകാര്യ വകുപ്പ്(E-3188218/EXP-D3/122/2025-FIN dated 31.07.2025)
ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ വിവരം പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Misha C.P
Date: 09-01-2026 16:55:30

സെക്ഷൻ ഓഫീസർ

ബഹു. റവന്യൂ വകുപ്പ മന്ത്രിയുടെ പി.എസ്. ന്
റവന്യൂ (എച്ച്) വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
റവന്യൂ (എച്ച്) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിക്ക്.

രഹസ്യം

കേരള സർക്കാർ

മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 07-01-2026

ഫയൽ നം. REV-H1/161/2024/REV. ഇനം നം: 3519

വിഷയം : റവന്യൂ വകുപ്പ് - വിൽപ്പന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡ് ആക്കുകയും 22.06.2001-ൽ ലേലം സ്ഥിരീകരണം നടത്തുകയും ചെയ്ത കോഴിക്കോട് ജില്ലയിലെ ബേപ്പൂർ വില്ലേജിൽ M/s.മാനിറ്റോ ഇലക്ട്രോണിക്സിന്റെ പേരിലുണ്ടായിരുന്ന റീ സർവ്വേ 57/1-ൽപ്പെട്ട 35 സെന്റ് ഭൂമി, പ്രസ്തുത കുടിശ്ശിക ആംനസ്റ്റി സ്കീം പ്രകാരം തീർപ്പാക്കിയ സാഹചര്യത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് തിരികെ നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3519

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1	ഫയൽ നമ്പർ	:	REV-H1/161/2024-REV
2	വകുപ്പ്	:	റവന്യൂ (എച്ച്) വകുപ്പ്
3	വിഷയം	:	വിൽപന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡ് ആക്കുകയും 22.06.2001 ൽ ലേലം സ്ഥിരീകരണം നടത്തുകയും ചെയ്ത കോഴിക്കോട് ജില്ലയിലെ ബേപ്പൂർ വില്ലേജിൽ M/s മാനിറ്റോ ഇലക്ട്രോണിക്സിന്റെ പേരിലുണ്ടായിരുന്ന റീ സർവ്വേ 57/I എ। ൽപ്പെട്ട 35 സെന്റ് ഭൂമി, പ്രസ്തുത കുടിശ്ശിക ആംനസ്റ്റി സ്കീം പ്രകാരം തീർപ്പാക്കിയ സാഹചര്യത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച്, തിരികെ നൽകുന്നത് - സംബന്ധിച്ച്
4	മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി	:	03.12.2025
5	(i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	: : :	അതെ ഉണ്ട് ഉണ്ട്
6	മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	:	ഉണ്ട്, നിയമവകുപ്പ്
7	കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്	:	ശ്രീമതി കെ. സ്നേഹലത
8	കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്	:	ശ്രീ.എം.ജി രാജമാണിക്കം
9	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി	:	11.12.2025
10	കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്	:	ഡോ. എ.ജയതിലക്
11	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി	:	31.12.2025
12	കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്	:	ശ്രീ. കെ. രാജൻ
13	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി	:	31.12.2025
14	കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി	:	05.01.2026
15	മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി	:	
16	തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും	:	

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

വിൽപന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി M/s മാനിറ്റോ ഇലക്ട്രോണിക്സിൽ നിന്നും ജപ്തി ചെയ്ത് ബോട്ട്-ഇൻ-ലാൻഡ് ആക്കി 22.06.2001 ൽ ലേലം സ്ഥിരീകരിച്ച കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്ക് ബേപ്പൂർ വില്ലേജിൽ റീ സർവ്വെ നം.57/IAI ൽപ്പെട്ട 35 സെന്റ് ഭൂമി, കുടിശ്ശിക തുക മുഴുവനും ആംനസ്റ്റി സ്കീം പ്രകാരം തീർപ്പാക്കിയ സാഹചര്യത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച്, തിരികെ നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. M/s മാനിറ്റോ ഇലക്ട്രോണിക്സിന്റെ പേരിലുള്ള വിൽപന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ടി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 60.54 സെന്റ് സ്ഥലം ബോട്ട് ഇൻ ലാൻഡായി റവന്യൂ വകുപ്പ് ഏറ്റെടുത്തിരുന്നുവെന്നും എന്നാൽ നികുതി കുടിശ്ശികയ്ക്ക് ഇളവ് അനുവദിക്കുന്ന വിഷയം നികുതി വകുപ്പിന്റെ പരിഗണനയിലിരിക്കെ പ്രസ്തുത സ്ഥലം ജപ്തി ചെയ്തത് നിയമപരമല്ല എന്നും, കുടിശ്ശികയിൽ ആംനസ്റ്റി സ്കീം പ്രകാരം ഇളവ് ലഭ്യമായതിനെ തുടർന്ന് കടിശ്ശിക തുക മുഴുവനായും അടച്ച് തീർത്തിട്ടുണ്ടെന്നും യാതൊരു വിധ Tax Liability യും ഇല്ലായെന്നും ആയതിനാൽ ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത 60.54 സെന്റ് സ്ഥലം തിരികെ നൽകണമെന്നും ആവശ്യപ്പെട്ട് മാനേജിംഗ് ഡയറക്ടർ ശ്രീ. ബഷീർ മുഹമ്മദ്, ബഹു. റവന്യൂ വകുപ്പ മന്ത്രി മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു.

3. വിൽപന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ, കോഴിക്കോട് താലൂക്കിൽ ബേപ്പൂർ വില്ലേജിൽ M/s. മാനിറ്റോ ഇലക്ട്രോണിക്സിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന റീ സർവ്വേ നം. 57/IAI ൽപ്പെട്ട 35 സെന്റ് ഭൂമി ജപ്തി ചെയ്യുകയും 18.11.2000 ന് സർക്കാരിലേയ്ക്ക് ബോട്ട് ഇൻ ലാൻഡായി ഏറ്റെടുക്കുകയും ചെയ്തിരുന്നുവെന്നും കോഴിക്കോട് റവന്യൂ ഡിവിഷണൽ ഓഫീസർ 22.06.2001 ന് ലേലം സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. അപേക്ഷകൻ താമസിക്കുന്നത് മലപ്പുറം ജില്ലയിലാണെങ്കിലും ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത സ്ഥലം കോഴിക്കോട് ജില്ലയിലായതിനാൽ ടി വിഷയത്തിൽ കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ബോട്ട് ഇൻ ലാൻഡായി ഏറ്റെടുത്ത ഭൂമി സർക്കാർ ഉടമസ്ഥതയിൽ പുറമ്പോക്ക് ഭൂമിയായി സംരക്ഷിച്ചു വരികയാണെന്നും ടി ഭൂമി തിരികെ നൽകാനാവില്ല എന്ന് 03.12.2008 ലെ 51005/എച്ച്2/08/റവ നമ്പർ കത്ത് പ്രകാരം സർക്കാർ അറിയിച്ചിരുന്നുവെന്നും ടി കേസിൽ റവന്യൂ വകുപ്പിനോട് ആലോചിക്കാതെയാണ് നികുതി

വകുപ്പ് കുടിശ്ശിക തുക വാങ്ങിയിരുന്നതെന്നും "Commercial Tax Department will not be responsible to release the bought in land" എന്ന വ്യവസ്ഥയോടെയാണ് കുടിശ്ശിക തീർപ്പാക്കുന്നതിന് അനുമതി നൽകിയതെന്ന് 13.11.2009 ലെ കത്ത് പ്രകാരം അസിസ്റ്റന്റ് കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ, കമേഴ്സ്യൽ ടാക്സസ്, കോഴിക്കോട് അറിയിച്ചിരുന്നുവെന്നും കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചിരുന്നു. കൂടാതെ ഇതേ കക്ഷിക്കെതിരെ ബാങ്ക് വായ്പ ഇനത്തിലുള്ള കുടിശ്ശിക സംബന്ധിച്ച് ഡെബ്റ്റ് റിക്കവറി ട്രൈബ്യൂണൽ മുൻപാകെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ബേപ്പൂർ ശാഖ സമർപ്പിച്ച കേസ് സംബന്ധിച്ച (DRC 966/SBI)ഫയൽ 27.03.2004 ന് അഡ്വക്കേറ്റ് ജനറലിന് കൈമാറിയിട്ടുണ്ടെന്നും ടി ഫയൽ ഇതുവരെയും തിരികെ ലഭ്യമായിട്ടില്ലായെന്നും ജില്ലാ കളക്ടർ അറിയിച്ചിരുന്നു.

4. അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ 60.54 സെന്റ് സ്ഥലം തിരികെ നൽകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത് എന്നാൽ, റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവ് പ്രകാരം 35 സെന്റ് സ്ഥലം മാത്രമാണ് ബോട്ട് ഇൻ ലാൻഡായി സ്ഥിരീകരണം നടത്തിയതെന്ന് കോഴിക്കോട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. M/s. മാനിറ്റോ ഇലക്ട്രോണിക്സ് (KGST No. 33010951) ബേപ്പൂർ, കോഴിക്കോട് എന്ന സ്ഥാപനത്തിന് 1991-92 മുതൽ 1999-2000 വരെയുള്ള വർഷങ്ങളിൽ, നികുതിയിനത്തിൽ 21,70,712/- രൂപയും, പലിശയിനത്തിൽ 22,92,244/- രൂപയും സർചാർജ്ജ് ഇനത്തിൽ 2,07,096/- രൂപയും ആണ് കുടിശ്ശികയുണ്ടായിരുന്നത്. പ്രസ്തുത കുടിശ്ശിക ഈടാക്കുന്നതിനായി ടി സ്ഥാപനത്തിന്റെ പേരിൽ ബേപ്പൂർ വില്ലേജിൽ ഉണ്ടായിരുന്ന സ്ഥലം ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡ് ആയി ഏറ്റെടുത്തിരുന്നു. "ബോട്ട് ഇൻ ലാൻഡ് വിട്ടുതൽ ചെയ്യുന്നതിന് കൊമേർഷ്യൽ ടാക്സ് ഡിപ്പാർട്ട്മെന്റിന് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതല്ല" എന്ന വ്യവസ്ഥയിൽ പ്രൊവിഷണൽ ആയി ആംനസ്റ്റി അപേക്ഷ സ്വീകരിക്കാൻ പ്രിൻസിപ്പൽ സെക്രട്ടറി(ടാക്സസ്) നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആംനസ്റ്റി അപേക്ഷ റികിസിഷൻ അതോറിറ്റി സ്വീകരിച്ചതെന്നും കക്ഷി കുടിശ്ശിക തുക മുഴുവനും അടവാക്കിയിട്ടുണ്ടെന്നും സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് ഡെപ്യൂട്ടി കമ്മീഷണറുടെ 27.03.2025 ലെ കത്തിൽ അറിയിച്ചിട്ടുണ്ട്.

5. ഇക്കാര്യത്തിൽ അഭിപ്രായത്തിനായി ഫയൽ നിയമവകുപ്പിലേയ്ക്ക് അയച്ചപ്പോൾ, ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

"M/s മാനിറ്റോ ഇലക്ട്രോണിക്സിന്റെ പേരിലുള്ള വിൽപന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കോഴിക്കോട് ജില്ലയിലെ ബേപ്പൂർ വില്ലേജിൽ റീ സർവ്വേ 57/എ 1 ൽപ്പെട്ട 35 സെന്റ് 2001-ൽ ലേല സ്ഥിരീകരണം ചെയ്തിട്ടുള്ളത്. പ്രസ്തുത കാലയളവിൽ ബോട്ട് ഇൻ ലാൻഡ്

തിരികെ നൽകുന്നത് സംബന്ധിച്ച് 09/02/1968 ലെ സ.ഉ (എം എസ്) നം.88/68/റവ ഉത്തരവാണ് നിലനിന്നിരുന്നത്. ഇത് പ്രകാരം 2 വർഷത്തിനുശേഷമുള്ള യാതൊരു അപേക്ഷയും പരിഗണിക്കുകയില്ല. ആയതിനാൽ ബഷീർ മുഹമ്മദിന്റെ കോയപ്പകോവിലകത്ത്, മലപ്പുറം സമർപ്പിച്ച അപേക്ഷ പരിഗണിക്കുവാൻ സാധിക്കുകയില്ല

എന്നാൽ R.Savithammal vs The Tahsildar വിധിന്യായത്തിൽ,-

"15. The stand in the counter that since the petitioner had cleared the entire liability, the Government can re-convey the land only if the petitioner remits the market value of the land. It is to be noted that the petitioner did not make any application. It is to be noted that the payment was not effected pursuant to the Government Order. The Government could not have entertained such application after the outer limit prescribed referred in the Government Order. Therefore, the only irresistible conclusion that can be drawn is that the Government encouraged the petitioner to make the payment or the Government remains acquiesced when payments have been effected to discharge the liability."എന്നും

R.Savithammal vs The Tahsildar [2016 (3) KLT 251] എന്ന കേസിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, G.A.Mohanan Vs Commercial Tax Officer WP(C) 14780/2009 നമ്പർ കേസിൽ ബഹു ഹൈക്കോടതി ,-

"....There is no objection on the part of the Government to allow the petitioners to discharge the liability after the Government purchased the property as a bought-in land. In fact, a facility was bestowed on the petitioner to discharge the liability through Amnesty Scheme. When there was no misrepresentation on the part of the debtor and the Government accepted the amount without any objection, the Government is bound to re convey such land as bought-in land. The question of re conveyance in terms of government order has no relevance in this case as in as such as that , in case petitioner has chosen to discharge liability and the government has accepted such discharge without any objection. By allowing the petitioner to discharge the liability the Government is creating an obligation for re conveyance..."എന്നും നിരീക്ഷിച്ചിട്ടുള്ളതാണ്."

ഭരണ വകുപ്പിന്റെ ഫയൽ പരിശോധിച്ചതിൽ കോഴിക്കോട് ജില്ലയിലെ ബേപ്പൂർ വില്ലേജിൽപ്പെട്ട 35 സെന്റ് വസ്തു വിൽപന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ബോട്ട് ഇൻ ലാൻഡാക്കി 2001-ൽ ലേല സ്ഥിരീകരണം നടത്തിയിട്ടുള്ളതും 20/02/2009-ാം തീയതിയിലെ ഉത്തരവ് പ്രകാരം അർത്ഥനധികാരി കുടിശ്ശിക ഒടുവാക്കുവാൻ അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്.

13/11/2009 ആം തീയതിയിലെ അർത്ഥനധികാരിയുടെ കത്ത് പ്രകാരം M/s. മാനിറ്റോ ഇലക്ട്രോണിക്സ് സ്ഥാപനം മുഴുവൻ കുടിശ്ശികയും ഒടുവാക്കിയിട്ടുള്ളതാണ്. കൂടാതെ, സ്ഥാപനത്തിന് കോഴിക്കോട് സ്റ്റേറ്റ് GST ഡിപ്പാർട്ട്മെന്റിൽ പ്രീ GST കുടിശ്ശികയൊന്നും ഇല്ലായെന്ന് സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് ഡെപ്യൂട്ടി കമ്മീഷണർ അറിയിച്ചിട്ടുള്ളതുമാണ്. ഈ വസ്തുതകളുടേയും മേൽ വിധിന്യായങ്ങളുടേയും അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ ബേപ്പൂർ വില്ലേജിൽ റീ സർവ്വേ 57/എ1ൽപ്പെട്ട 35 സെന്റ് സ്ഥലം തിരികെ നല്കുന്നത് സംബന്ധിച്ച് ഭരണ വകുപ്പിന് ഉചിതതീരുമാനം കൈക്കൊള്ളാവുന്നതാണ്."

6. ടി വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"കോഴിക്കോട് ജില്ലയിലെ ബേപ്പൂർ വില്ലേജിൽപ്പെട്ട 35 സെന്റ് വസ്തു വിൽപന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി ബോട്ട് ഇൻ ലാൻഡാക്കി 2001-ൽ ലേല സ്ഥിരീകരണം നടത്തിയിട്ടുള്ളതും 20/02/2009 –ാം തീയതിയിലെ ഉത്തരവ് പ്രകാരം അർത്ഥനാധികാരി കുടിശ്ശിക ഒടുവാക്കുവാൻ അനുവദിക്കുയും ചെയ്തിട്ടുള്ളതാണ്. 13/11/2009 ആം തീയതിയിലെ അർത്ഥനധികാരിയുടെ കത്ത് പ്രകാരം M/s മാനിറ്റോ ഇലക്ട്രോണിക്സ് സ്ഥാപനം മുഴുവൻ കുടിശ്ശികയും ഒടുവാക്കിയിട്ടുള്ളതാണ്. കൂടാതെ, സ്ഥാപനത്തിന് കോഴിക്കോട് സ്റ്റേറ്റ് GST ഡിപ്പാർട്ട്മെന്റിൽ പ്രീ GST കുടിശ്ശികയൊന്നും ഇല്ലായെന്ന് സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് ഡെപ്യൂട്ടി കമ്മീഷണർ അറിയിച്ചിട്ടുള്ളതുമാണ്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ ബേപ്പൂർ വില്ലേജിൽ റീ സർവ്വേ 57/എ1ൽ പ്പെട്ട 35 സെന്റ് സ്ഥലം തിരികെ നൽകുന്നത് സംബന്ധിച്ച് ഭരണ വകുപ്പിന് ഉചിതതീരുമാനം കൈക്കൊള്ളാവുന്നതാണെന്ന നിയമവകുപ്പിന്റെ അഭിപ്രായത്തോട് ധനവകുപ്പ് യോജിക്കുന്നതായി ഭരണവകുപ്പിനെ അറിയിക്കുന്നു."

7. കക്ഷി കുടിശ്ശിക ഒടുക്കിയത്, 26.10.2022 തീയതിക്ക് മുൻപായതിനാലും (സർക്കാർ ബോട്ട്ഇൻ-ലാൻഡായി എറ്റെടുത്ത് ലേല സ്ഥിരീകരണം കഴിഞ്ഞ് 5 വർഷം പൂർത്തിയായതിനുശേഷം ഏതെങ്കിലും അർത്ഥനാധികാരി ആംനെസ്റ്റി, ഒറ്റത്തവണ തീർപ്പാക്കൽ എന്നീ സ്കീമുകൾ പ്രകാരം ഒരു തുകയും കൈപ്പറ്റാൻ പാടില്ലെന്ന് വ്യക്തമാക്കി സർക്കുലർ പുറപ്പെടുവിച്ച തീയതി) WP(C) 14780/2009 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 09.06.2017 ലെ വിധിന്യായത്തിന്റെയും അർത്ഥനാധികാരിയുടെ നിരാക്ഷേപപത്രത്തിന്റെയും അടിസ്ഥാനത്തിലും, M/s മാനിറ്റോ ഇലക്ട്രോണിക്സിന്റെ പേരിലുണ്ടായിരുന്ന വിൽപന നികുതി കുടിശ്ശിക ആംനസ്റ്റി സ്കീം പ്രകാരം തീർപ്പാക്കിയ സാഹചര്യത്തിലും, ടി കുടിശ്ശിക ഈടാക്കുന്നതിനായി ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡ്

ആക്കി 22.06.2001ൽ ലേലം സ്ഥിരീകരിച്ച കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിലെ ബേപ്പൂർ വില്ലേജിൽ റീ സർവ്വേ നം. 57/IAI ൽപ്പെട്ട 35 സെന്റ് ഭൂമി, നിയമ, ധന വകുപ്പുകളുടെ അഭിപ്രായം കണക്കിലെടുത്ത് കുടിശ്ശിക സ്ഥാപനത്തിന് തിരികെ നൽകാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ചീഫ് സെക്രട്ടറി മുഖേന ബഹു.റവന്യൂ വകുപ്പ് മന്ത്രി വഴി ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

8. ആയതിൻ പ്രകാരം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായുള്ള കരട് കുറിപ്പുകൾ സഹിതം അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"26.10.2022 ന് മുൻപ് (സർക്കാർ ബോട്ട് ഇൻ-ലാൻഡായി എറ്റെടുത്ത് ലേല സ്ഥിരീകരണം കഴിഞ്ഞ് 5 വർഷം പൂർത്തിയായതിനുശേഷം ഏതെങ്കിലും അർത്ഥനാധികാരി ആംനെസ്റ്റി സ്കീം പ്രകാരം ഒരു തുകയും കൈപ്പറ്റാൻ പാടില്ലെന്ന് വ്യക്തമാക്കി സർക്കുലർ പുറപ്പെടുവിച്ച തീയതി) കുടിശ്ശിക തുക മുഴുവനായി അടച്ചുതീർത്ത് ഭൂമി തിരികെ നൽകുന്നതിനായി അപേക്ഷിക്കുന്നവർക്ക് ഇതു സംബന്ധിച്ച ബഹു. ഹൈക്കോടതിയുടെ 09.06.2017 ലെ WP(C) നം. 14780/2009 നമ്പർ ഉത്തരവിന്റെയും അർത്ഥനാധികാരിയുടെ നിരാക്ഷേപ പത്രത്തിന്റെയും അടിസ്ഥാനത്തിൽ ഓരോ കേസും പ്രത്യേകം പ്രത്യേകം പരിശോധിച്ച് ധനകാര്യ-നിയമ വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, റവന്യൂ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും എന്നാൽ ധനകാര്യ വകുപ്പ് മറിച്ചൊരു അഭിപ്രായമാണ് രേഖപ്പെടുത്തുന്നതെങ്കിൽ ആയത് മറികടക്കുന്നതിനായി കാര്യനിർവ്വഹണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചാൽ മതിയെന്നും 65/എച്ച്3/2023/റവ നമ്പർ ഫയലിൽ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെ തീരുമാനമെടുത്തിരുന്നു.

ഈ കേസിൽ കുടിശിക കക്ഷി 2009 ൽ തന്നെ ആംനെസ്റ്റി പദ്ധതി പ്രകാരം കുടിശിക മുഴുവനായും അടച്ചുതീർത്തിട്ടുള്ള സാഹചര്യത്തിൽ 65/എച്ച്3/2023/റവ നമ്പർ ഫയലിലെ തീരുമാനം ഈ കേസിലും ബാധകമാണ്. അതിൻപ്രകാരം ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതില്ല. ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിൻപ്രകാരം ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്. ഉത്തരവിനായി ഫയൽ ബഹു. റവന്യൂ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിക്കാവുന്നതാണ്."

9. ഇക്കാര്യത്തിൽ, ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് വീണ്ടും ഉത്തരവായിരുന്നു.

തീരുമാനിക്കേണ്ട വിഷയം

വിൽപന നികുതി കുടിശ്ശിക ഈടാക്കുന്നതിനായി, M/s മാനിറ്റോ ഇലക്ട്രോണിക്സിൽ നിന്നും ജപ്തി ചെയ്ത് ബോട്ട് ഇൻ ലാൻഡ് ആക്കി 22.06.2001ൽ ലേലം സ്ഥിരീകരിച്ച കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിലെ ബേപ്പൂർ വില്ലേജിൽ റീ സർവ്വേ നം. 57/IAl ൽ പ്പെട്ട 35 സെന്റ് ഭൂമി, ടി സ്ഥാപനം മുഴുവൻ കുടിശ്ശികയും ആംനസ്റ്റി സ്കീം പ്രകാരം തീർപ്പാക്കിയ സാഹചര്യത്തിലും, ബഹു.ഹൈക്കോടതിയുടെ G.A.Mohanan Vs Commercial Tax Officer WP(C) 14780/2009 നമ്പർ കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും ഒരു പ്രത്യേക കേസായി പരിഗണിച്ച്, ടി സ്ഥാപനത്തിന് തിരികെ നൽകാമോ?